കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാവറട്ടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി13) 1468/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാവറട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി13) 1468/2024

തീയ്യതി: 02/12/2024

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	04-10-2024	14-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
04-10-2024	14-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മീര ടി. (ഓഡിറ്റ് ഓഫീസർ)

ഹാരിഷ് വി. എ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)

ബിന്ദു സി. വി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ഷീഗ സി. കെ. (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
സിന്ധു അനിൽകുമാർ	പ്രസിഡന്റ്	01-04-2023	04-07-2023
റെജീന എം എം (പ്രസിഡന്റ് ഇൻ-ചാർജ്ജ്)	പ്രസിഡന്റ്	05-07-2023	06-09-2023
റെജീന എം എം	പ്രസിഡന്റ്	07-09-2023	31-03-2024
ഷിപ്പുദാസ് കെ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
മേരി ഡീന വി വി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
പ്രശാന്ത് അരവിന്ദ് കുമാർ	കൃഷി ഓഫീസർ	01-04-2023	06-06-2023
നിമിഷ എ എം	കൃഷി ഓഫീസർ	07-06-2023	31-03-2024
ഡോ. ജിസ റോസ് ഒ ജോബ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	31-03-2024

രശ്മി പി ആർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ടോണി ജോസഫ് എ എഫ്	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ബൈജു വിൻസെന്റ്	വി.ഇ.ഒ (വെന്മനാട് സർക്കിൾ)	01-04-2023	20-07-2023
അൻസു അലക്സ്	വി.ഇ.ഒ (വെന്മനാട് സർക്കിൾ)	21-07-2023	31-03-2024
ബൈജു വിൻസെന്റ്	വി.ഇ.ഒ (പാവറട്ടി സർക്കിൾ)	01-04-2023	19-07-2023
സിന്ധു വി	വി.ഇ.ഒ (പാവറട്ടി സർക്കിൾ)	20-07-2023	28-09-2023
മിലി ടി പി	വി.ഇ.ഒ (പാവറട്ടി സർക്കിൾ)	29-09-2023	31-03-2024
മോനിഷ എം എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ഫിലോമിന എൻ. ഒ	ഹെഡ്മിസ്ട്രസ് (ജി.യു.പി.എസ്), പാവറട്ടി	01-04-2023	31-05-2023
ഷൈനി സി. ജെ	ഹെഡ്മിസ്ട്രസ് (ജി.യു.പി.എസ്), പാവറട്ടി	01-06-2023	16-08-2023
മീന പി എസ്	ഹെഡ്മിസ്ട്രസ് (ജി.യു.പി.എസ്), പാവറട്ടി	17-08-2023	31-03-2024
ഡോ. ലിംസൺ ജോസ്	മെഡിക്കൽ ഓഫീസർ (അലോപ്പതി)	01-04-2023	31-03-2024
റിജോമോൾ ഒ ജെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	10-07-2023
ശ്രുതി	അസിസ്റ്റന്റ് എഞ്ചിനീയർ	11-07-2023	19-07-2023
ജെസ്സി ടി ജെ	അസിസ്റ്റന്റ് എഞ്ചിനീയർ	20-07-2023	31-03-2024
ഡോ. വിനോദ് കുമാർ ടി ജി	വെറ്ററിനറി സർജൻ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല	1-1-3
5	അഡ്വാൻസ് തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി	1-1-4
6	ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി	1-1-5
7	ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്	1-1-6
8	വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-7
9	ലേലം ഇനത്തിലെ മുഴുവൻ തുകയും വരവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-8
10	B-4, B-2ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല	1-1-9
11	രജിസ്റ്ററുകൾ പൂർണ്ണമല്ല	1-1-10
12	തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-1-11
13	Excess Of Income Over Expenditure - വാർഷിക കണകക്ക് പ്രകാരമുള്ള തുകയിലെ അപാകത	1-1-12
14	ബജറ്റ്	1-2
15	ഫണ്ട് വിനിയോഗം	1-3
16	പദ്ധതി അവലോകനം	1-4
17	തൊഴിലുറപ്പ് പദ്ധതി	1-5
18	ക്ഷേമപെൻഷനുകൾ	1-6
19	ക്യാഷ് ബാലൻസ് പരിശോധന	1-7
20	ആഭ്യന്തര നിയന്ത്രണം	1-8
21	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല	1-9

22	ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല	1-10
23	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-11
24	വസ്തുനികുതി നിരക്കിലെ അപാകത	1-12
25	വസ്തു നികുതി ഈടാക്കുന്നതിലെ അപാകത	1-13
26	റെവന്യൂ ഡിവിഷൻ ഓഫീസറുടെ ഉത്തരവ് ലംഘിച്ച് 4020.81 ച.അടിയുടെ അനധികൃത നിർമ്മാണം	1-14
27	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല	1-15
28	അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്	1-16
29	പര്യാപ്തമായ രീതിയിലുള്ള എം.സി.എഫ്-ന്റെ അഭാവം	1-17
30	കാലാവസ്ഥാ വ്യതിയാനം-പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്	1-18
31	വീട് വാസയോഗ്യമാക്കൽ (എസ്.സി)-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	1-19
32	ലൈഫ് ഭവന പദ്ധതി (ജനറൽ)-കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്	1-20
33	തൊഴിലുറപ്പ് പദ്ധതി-പൊതുആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകങ്ങൾ	1-21
34	ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ-അവലോകനം	1-22
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/ വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാവറട്ടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.06.2024 ലെ 19 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19.9.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക

പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 02.12.2024

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

വസ്തുനികുതി-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	3146119	2851989	9758	288644
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3146119	2847717	9758	289690
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	*(304175 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	3909017	3403374	42294	492598
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3909017	3374125	42294	492905
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*(517551/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.

1-1-4 അഡ്വാൻസ് തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

മുൻകൂർ തുക നൽകുമ്പോൾ 460500501-Advance To Implementing Officers എന്ന മുൻകൂർ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്

ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്റ്റ്	വൗച്ചർ നമ്പർ	അഡ്വാൻസ് തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം
1	88/24 Purchase Of Homeo Medicine	42301054/11.9.23	150000	251110208 Medical Institution-Homoeo-Purchase Of Medcines In Health Institutions	460500501-Advance To Implementing Officers

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം കൈമാറിയ മുഴുവൻ തുകയും ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 88575 രൂപയുടെ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല.

1-1-5 ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം നിർമ്മിച്ച ആസ്തിയുടെ ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

Sl No	Project	Voucher No/Date	Amount	Head Code
1	127/24 Installation Of Electricpost	42300434/22.9.23	298000	251200001 Electric Line-Post Re-Arrangement
2	216/24 Drinking Water Project For New Panchayat Building	42300991/30.3.24	247000	251120106 Public Drinking Water Programmes-

				Improve Quality
3	141/24 Construction Of Drainage In Ponnamkulam Peringad Puzha Road Ward 8,9	42300433/22.9.23	695857	252110005 Roads- Drainage Renovation 695,857.00

1-1-6 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ/ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ/സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-7 വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

താഴെ ചേർത്ത ഗ്രാന്റിന്റെ വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല. എന്നാൽ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്.

ഫണ്ടിനം	ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ ഐ-6/ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി3 എന്നിവ പ്രകാരമുള്ള ആകെ ചെലവ്	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്	വ്യത്യാസം

സി എഫ് സി -ടൈഡ്	2584028	757343	1826685

1-1-8 ലേലം ഇനത്തിലെ മുഴുവൻ തുകയും വരവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഡ് 10 ലെ പഞ്ചായത്ത് കുളം വറ്റിച്ചതിൽ ലഭിച്ച ചെളിമണ്ണ് ലേലം ഇനത്തിലെ മുഴുവൻ തുകയും വരവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. റവന്യൂ വരവായി രേഖപ്പെടുത്തേണ്ട 13500 രൂപയിൽ 8500 രൂപ മാത്രമേ 150300101-Receipts From Miscellaneous Sales എന്ന വരവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 5000 രൂപ 340100103-Bidders' Earnest Money Deposit എന്ന ബാധ്യതാ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് ക്രമീകരിക്കേണ്ടതാണ്.

1-1-9 B-4, B-2ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി-2 എന്നിവ പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.24 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.24-ലെ B-17 പട്ടിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി-2			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17		
ക്രമ നമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	320200104	Development Fund - Central Finance Commission Grant - Basic Tax Grant	2001187	450210101	FEDERAL (CFC-PFMS)-(16980100065411-PFMS)	5275040
	320200113	Development Fund - Central Finance Commission Grant –Tied Fund	2926492			
ആകെ			4927679			

2	311100101	Panchayat'S Distress Relief Fund	27076	450210101	CANARA BANK(RELIEF FUND)-(1461101025053)	27440

2024-25 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

1-1-10 രജിസ്റ്ററുകൾ പൂർണ്ണമല്ല

1) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് ലഭിച്ച തിയ്യതി ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 2317611 രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കേരള ഫിനാൽഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ച നൽകേണ്ട കാലയളവിനുശേഷം മൂന്ന് വർഷത്തിലധികം അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉറപ്പ് വരുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

2) അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പ് വിശദാംശങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല

1-1-11 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്ക് പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ റവന്യൂ ചെലവ് 13620802 (ഷെഡ്യൂൾ I-6) രൂപയും മൂലധനചെലവ് 685260 (ഷെഡ്യൂൾ B3) രൂപയും ഉൾപ്പെടെ ആകെ ചെലവ് 14306062 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ആകെ ചെലവ് 14309521.53 രൂപയാണ്. വാർഷിക കണക്കിലെ ഭരണച്ചെലവ് 1128254 (ഷെഡ്യൂൾ I-14 F) രൂപയാണ്. എന്നാൽ പലിശ വരവായ 3459.53 രൂപ സ്റ്റേറ്റ് മിഷന് തിരിച്ചടച്ചത് കൂടി തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്കിൽ ഭരണച്ചെലവിൽ (1131713.53) ഉൾപ്പടുത്തിയിട്ടുണ്ട്.

1-1-12 Excess Of Income Over Expenditure - വാർഷിക കണകക്ക് പ്രകാരമുള്ള തുകയിലെ അപാകത

310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ 31.3.2023 ലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള (-)1,21,41,754 രൂപയിൽ 3500 രൂപ 431910201 - Outdoor Collection Control Account എന്ന ശീർഷകത്തിലെ ട്രയൽ ബാലൻസ് പ്രകാരമുള്ള ക്രെഡിറ്റ് നീക്കിയിരുപ്പാണെന്നും 431910201 – Outdoor Collection Control Account എന്ന ശീർഷകത്തിലെ ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരുപ്പ് തുക ബാലൻസ്ഷീറ്റിൽ അതേ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ ക്രമീകരിക്കുകയാണ് ചെയ്തതെന്നും 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-1-16 ൽ പരാമർശിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ വൗച്ചർ നമ്പർ

42300905/11.3.2024 മുഖേന 3500 രൂപ 431910201 – Outdoor Collection Control Account എന്ന ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും 190200401 Prior Period Income - Other Incomes എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.പ്രസ്തുത തുകയും ചേർത്തുള്ള തുകയാണ് ബാലൻസ് ഷീറ്റിലെ 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ 31.3.2024 ലെ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. 31.3.2023 തീയതിയിൽ 431910201 – Outdoor Collection Control Account എന്ന ശീർഷകത്തിലെ നീക്കിയിരുപ്പ് തുകയായ 3500 രൂപ 2022-23 വർഷം തന്നെ 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ ക്രമീകരിച്ചിട്ടുള്ളതിനാൽ മേൽ പരാമർശിച്ച വൗച്ചർ പ്രകാരമുള്ള ഇടപാട് 31.3.2024 ലെ 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ 3500 രൂപ അധികമായി രേഖപ്പെടുത്തുന്നതിന് കാരണമായി.IKM മുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
18/03/2023	1(1)	254973483	252681240

റിവൈസ്ഡ് ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	വരവ്	ചെലവ്
08.02.2024	(1)	211906271	187055349

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ	0	13893000	13893000	11518675	2374325
വികസന ഫണ്ട്-എസ്.സി.പി	0	3466000	3466000	2901640	564360
മെയിന്റനൻസ്, റോഡ്	0	5467350	5467350	1816743	3650607
മെയിന്റനൻസ്, നോൺ-റോഡ്	0	2831400	2831400	2716860	114540

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്	2879698	2445438 (2300000+ 145438)	5325136	3323949	2001187
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്	3785020	1725500	5510520	2584028	2926492
Total Sanitation Scheme	1542360	0	1542360	749946	792414
Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	0	998508	998508	291613	706895
Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	0	489002	489002	135000	354002
Grants, Funds & Contributions For Specific Purposes - Other Government	424363	3121320	3545683	2711320	834363

Agencies(Life State Share& Kila)					
Contributions For Other Specific Purposes (For Capital Expenditure)- From Block Panchayats	1000000	2540000 (350000+ 2190000)	3540000	3070130	469870
Literacy Grant	1489	14801	16290	14760	1530
ICDS	886038	1029540	1915578	600891	1314687
PYCKA	12000	0	12000	0	12000

1) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. സി.എഫ്.സി അൺടൈഡ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. ശരിയായ തുകകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വികസന ഫണ്ട്-എസ്.സി.പി വികസന ഫണ്ട്-ജനറൽ എന്നിവയിൽ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
183	86683891	125	39883242	46%	68.31

വിവിധ പദ്ധതിക്കായി 86683891 രൂപ വകയിരുത്തിയെങ്കിലും 39883242 രൂപ മാത്രമാണ് ചെലവ് ചെയ്തത്. അടങ്കലിന്റെ 46% മാത്രമാണ് ചെലവ് ചെയ്തത്.
സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടന ചുമതലയാണ്. പ്രൊജക്ട്

ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	907.53	1130806	1131713.53	1131713.53*	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	12492548	12492548	12492548	0
മെറ്റിരീയൽ കോസ്റ്റ്	0	685260	685260	685260	0
ആകെ	907.53	14308614	14309521.53	14309521.53	0
*പലിശയിനത്തിൽ വരവായി ലഭിച്ച 3459.53 രൂപ 2023-24 വർഷം സ്റ്റേറ്റ് മിഷന് തിരിച്ചടച്ചത് ഉൾപ്പെടെ					

1-6 ക്ഷേമപെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവു തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	600	1
കർഷകതൊഴിലാളി പെൻഷൻ	524800	355
വിധവാ പെൻഷൻ	8840600	6292
വാർദ്ധക്യകാല പെൻഷൻ	18127100	12725
വികലാംഗപെൻഷൻ	2710300	1766
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	827800	544
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	60000	2

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.10.2024 തീയതിയിൽ 3:45 Pm ന് പഞ്ചായത്ത് സെക്രട്ടറിയുടെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8127 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-9 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ പോർട്ടൽ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തു നികുതി അടവാക്കിയിട്ടില്ല .

ക്രമ നമ്പർ	വിദ്യാഭ്യാസ സ്ഥാപനം	കെട്ടിട നമ്പർ
1	സി.എം.ഐ സ്കൂൾ	4/415
2	നന്ദകുമാർ ഡാൻസ് സ്കൂൾ	7/334A
3	ഗുരുവായൂർ സംസ്കൃത കേന്ദ്രീയ വിദ്യാപീഠം	3/176

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കു സി എം ഐ സ്കൂൾ, നന്ദകുമാർ ഡാൻസ് സ്കൂൾ എന്നി സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കും എന്ന് മറുപടി ലഭ്യമാക്കിക്കിയിട്ടുണ്ട്. എന്നാൽ ഗുരുവായൂർ സംസ്കൃത കേന്ദ്രിയ വിദ്യാപീഠം എന്ന സ്ഥാപനത്തിനെ കുറിച്ച് ഒന്നും തന്നെ മറുപടിയിൽ പ്രതിപാദിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 ബിഎ പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും നികുതി ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2023 ലെ 18 ആം ആക്റ്റ് പ്രകാരം ടി വകുപ്പ് ഒഴിവാക്കിയിട്ടുണ്ട്.
ആയതിനാൽ ടി സ്ഥാപനങ്ങളിൽ നിന്നും നിലവിലെ വിസ്തൃതിക്കനുസൃതമായി വസ്തു നികുതി ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.
(എൻക്വയറി നമ്പർ 06/8.10.2024)

1-10 ടർഫുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ 01.04.2023 മുതൽ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും ഓരോ വർഷവും

നിരക്കുകളിൽ വരുത്തേണ്ട വർദ്ധനവിന്റെ ശതമാനവും സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ തീയതി 05.04.2023 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിൽ, ടർഫുകൾക്ക് ബാധകമായ നിരക്കുകളുമുണ്ട്.

പഞ്ചായത്തിൽ എത്ര ടർഫുകൾ പ്രവർത്തിക്കുന്നുണ്ട് ആയവക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തു നികുതി അടവാക്കുന്നുണ്ടോ എന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 3/8.10.24) മറുപടിയായി പഞ്ചായത്ത് പരിധിയിൽ വാർഡ് അഞ്ചിൽ ഒരു ടർഫ് പ്രവർത്തിക്കുന്നുണ്ട് എന്നും ആയതിന് വസ്തു നികുതി നിശ്ചയിച്ച് ഈടാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫുകൾക്ക് സ.ഉ.(അച്ചടി)നം. 25/2023/ത.സ്വ.ഭ.വ തീയതി 05.04.2023 ഉത്തരവ് പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് ആയത് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (എൻക്വയറി നമ്പർ 03/8.10.2024)

1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).
3/176 നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന സംസ്കൃത യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഗുരുവായൂർ സംസ്കൃത കേന്ദ്രീയ വിദ്യാപീഠം എന്ന സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം അടവാക്കി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി സ്ഥാപനത്തിന്റെ ഹെഡ് ഓഫീസ് പുറംനാട്ടുകരയിലാണ് എന്നും ടി സ്ഥാപനത്തിന്റെ തൊഴിൽ നികുതി പുറംനാട്ടുകാര സ്ഥിതി ചെയ്യുന്ന തദ്ദേശസ്ഥാപനത്തിൽ ആണ് അടവാക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. ആയത് അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 16/10.10.24)

1-12 വസ്തുനികുതി നിരക്കിലെ അപാകത

സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ. തീയതി 5.4.23 (വസ്തുനികുതി പരിഷ്കരണം) പ്രകാരം പാവറട്ടി ഗ്രാമ പഞ്ചായത്തിന് ബാധകമായ വസ്തു നികുതി നിരക്ക് 18.04.2023 തീയതിയിൽ നടന്ന അടിയന്തരയോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 300 ച.മീ മുകളിലുള്ള പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) എന്നിവക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 12 രൂപയാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നതു തെറ്റായാണ് എന്ന് കാണുന്നു.

കെട്ടിട നമ്പർ : 14/178ഡി

വിസ്തീർണ്ണം : 376ച.മീ

നിർണ്ണയിച്ച വസ്തു നികുതി : ചതുരശ്ര മീറ്ററിന് 8 രൂപ നിരക്കിൽ

: 376*8 = 3008 രൂപ

നിർണ്ണയിക്കേണ്ട വസ്തു നികുതി : 376*12 = 4512 രൂപ

അടിസ്ഥാന വസ്തു നികുതിയിൽ നഷ്ടം : 1504 രൂപ

വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം ഓരോ വർഷവും ടി കെട്ടിടത്തിന് മാത്രം അടിസ്ഥാന വസ്തു നികുതിയിൽ 1504 രൂപ നഷ്ടം സംഭവിക്കുന്നു. ഇവ പരിശോധിക്കേണ്ടതും വസ്തു നികുതി പുനർനിർണ്ണയിച്ച രേഖകൾ ഓഡിറ്റിന് ഹാജരാകേണ്ടതുമാണ്.
(എൻക്വയറി നമ്പർ 05/8.10.2024)

1-13 വസ്തു നികുതി ഈടാക്കുന്നതിലെ അപാകത

അബ്ദുൾ മനാഫ് & ശൈലജ എന്നവർക്ക് വാസഗൃഹം നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് Sc2 6647/23 നമ്പർ ഫയൽ പരിശോധിച്ചതിൽ നിലവിലുള്ള കെട്ടിടത്തിന്റെ (കെട്ടിട നമ്പർ 2/315) ബിൽറ്റ് അപ്പ് ഏരിയ അസിസ്റ്റന്റ് എൻജിനീയർ അംഗീകരിച്ച പ്ലാൻ പ്രകാരം 614.74 മീറ്റർ സ്ക്വയർ ആണ് ഉള്ളത്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ പ്രസ്തുത പാർപ്പിട ഉപയോഗ ക്രമത്തിൽ വരുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 330 ച.മീ ആണ്.

വ്യത്യാസം വന്ന വിസ്തീർണ്ണത്തിന് (614.74-330=284.74 ച.മീ) ക്രമവൽക്കരണ ഫീയായി യായി 85422 രൂപ (284.74*300) അടവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിയിട്ടില്ല. സ.ഉ.(അച്ചടി)നം.25/2023/ ത.സ്വ.ഭ.വ., തീയതി 5.4.23 (വസ്തുനികുതി പരിഷ്കരണം) പ്രകാരം പാവറട്ടി ഗ്രാമ പഞ്ചായത്തിന് ബാധകമായ വസ്തു നികുതി നിരക്ക് 18.04.2023 തീയതിയിൽ നടന്ന അടിയന്തരയോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 300 ച. മീ. മുകളിലുള്ള പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) എന്നിവക്ക് അടിസ്ഥാന വസ്തു നികുതി നിരക്ക് 12 രൂപയാണ്. വ്യത്യാസം വന്ന 284.74 ച.മീ വിസ്തീർണ്ണത്തിന് 12 രൂപ നിരക്കിൽ പ്രതി വർഷം 3416 രൂപ അടിസ്ഥാന വസ്തു നികുതിയിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. ഇവ പരിശോധിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിൽ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തി ക്രമവത്കരിച്ച തീയതി മുതൽ ടി കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച ആയതു ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(എൻക്വയറി നമ്പർ 15/10.10.2024)

1-14 റെവന്യൂ ഡിവിഷൻ ഓഫീസറുടെ ഉത്തരവ് ലംഘിച്ച് 4020.81 ച.അടിയുടെ അനധികൃത നിർമ്മാണം

അബ്ദുൾ സമദ് & അബ്ദുൾ ജമാൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 84/3 സർവ്വേ നമ്പറിലുള്ള 0.0388 ഹെക്ടർ ഭൂമിയിൽ 652.25 ച.മീ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി (3/76-A,B,C,D,E,F,G,H,I) ബന്ധപ്പെട്ട് Sc2/5520/23 നമ്പർ ഫയൽ

പരിശോധിച്ചതിൽ പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത ഭൂമി നഞ്ച ഗണത്തിൽ ഉൾപ്പെടുന്ന ഭൂമിയാണ്. റെവെന്യൂ ഡിവിഷൻ ഓഫീസറുടെ ഉത്തരവ് നമ്പർ B2/1102/2021 തീയതി 22.12.21 പ്രകാരം 3000 ച.അടി വരെ വിസ്തീർണ്ണം ഉള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം നിർമ്മിച്ച കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 652.25 ച.മീ (7018 ച.അടി) ആണ്.

കേരള സർക്കാർ റെവെന്യൂ (പി) വകുപ്പ് സ.ഉ(പി)നം. 85/2018 റെവന്യൂ-തീയതി 15.12.2018 ഉത്തരവ് പ്രകാരം 3000 ച. മീറ്ററിന് മുകളിൽ നിർമിക്കുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ നിരക്കിൽ ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട RDO ഉത്തരവുകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

റെവന്യൂ ഡിവിഷൻ ഓഫീസറുടെ ഉത്തരവ് നമ്പർ B2/1102/2021 തീയതി 22.12.21 പ്രകാരം 3000 ച. അടി വരെ മാത്രം വിസ്തീർണ്ണം ഉള്ള കെട്ടിടം നിർമ്മിക്കാൻ അനുമതിയുള്ളപ്പോൾ 7018 സ്ക്വയർ ഫീറ്റ് വരെയുള്ള നിർമ്മാണത്തിന് അംഗീകാരം കൊടുക്കുകയും കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. മൂവായിരം ച. അടിക്കുമുകളിൽ ഉള്ള ഓരോ ച. അടിക്കും 100 രൂപ നിരക്കിൽ, അധികമായി നിർമ്മിച്ച 4018 ച. അടിക്ക് 401800 രൂപ സർക്കാരിലേക്ക് അടവാക്കാതെയിരുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.

കേരള സർക്കാർ റെവെന്യൂ (പി) വകുപ്പ് സ.ഉ(പി)നം. 85/2018 റെവന്യൂ - 15.12. 2018 ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി നടപടികൾ സ്വീകരിച്ച തുക ഈടാക്കുന്നത് വരെ ടി കെട്ടിടത്തിന് UA നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

(എൻക്വയറി നമ്പർ 18/10.10.2024)

1-15 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

പാവറട്ടി ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഹോംകോയ്ക്ക് മുൻകൂർ തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ടിന്റെ പേരും നമ്പറും	ഹോമിയോ മരുന്ന് വാങ്ങൽ (88/24)
നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ടിനം	മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)
ചെലവഴിച്ച തുക	150000
വൗച്ചർ നമ്പർ/തീയതി	42301054/11.9.23
ഓർഡർ നമ്പർ	08/N25/23-24/1, 5.9.23
ലഭിച്ച മരുന്നുകളുടെ മൂല്യവും ടാക്സ് ഇൻവോയ്സ് നമ്പറും	61425 (LF-3271/20.03.24)
ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ മൂല്യം	88575

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (12/9.10.24) മറുപടിയിൽ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ഇൻവോയ്സ്, സ്റ്റോക്കിലെടുത്ത രേഖകൾ എന്നിവ സഹിതം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.6.4 പ്രകാരം ഹോമിയോപ്പതി മരുന്നുകൾ കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്ന് (Homco Ltd.) വാങ്ങാവുന്നതാണ്. എന്നാൽ ഹോമിയോ മരുന്നുകൾ ഹോംകോയിൽ നിന്നോ സർക്കാർ അനുവദിച്ചിരിക്കുന്ന ഏജൻസിയിൽ നിന്നോ ലഭിക്കാൻ കാലതാമസം നേരിട്ടാൽ ടെണ്ടർ മുഖേന ഗുണമേന്മയുള്ള മരുന്നുകൾ വാങ്ങാവുന്നതാണ്. മരുന്നുകൾ ലഭിക്കാത്തതുമൂലം ഡിസ്പെൻസറിയുടെ പ്രവർത്തനം തടസ്സപ്പെടാൻ ഇടവരാത്തവിധം ശ്രദ്ധിക്കേണ്ടതാണ്.

1-16 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

പാവറട്ടി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/8.10.24) ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	അംഗൻവാടി സെന്റർ നമ്പർ	വാർഡ് നമ്പർ	സ്വന്തം കെട്ടിടം/ വാടക കെട്ടിടം/ വാടകകെട്ടിടത്തില്ലാതെ പ്രവർത്തിക്കുന്നവ	വാടക (വകുപ്പ് നൽകുന്നത്)	അധിക വാടക	കരാർ പ്രകാരമുള്ള വാടക
1	75	8	സ്വന്തം കെട്ടിടം			
2	76	8	സ്വന്തം കെട്ടിടം			
3	77	7	സ്വന്തം കെട്ടിടം			
4	78	10	വാടകകെട്ടിടം	2000	0	2000
5	79	9	സ്വന്തം കെട്ടിടം			
6	80	14	സ്വന്തം കെട്ടിടം			
7	81	6	വാടകകെട്ടിടം	2000	2000	4000
8	82	11	വാടകകെട്ടിടം	2000	750	2750

9	83	11	സ്വന്തം കെട്ടിടം			
10	84	1	വാടകകെട്ടിടം	2000	0	2000
11	85	15	വാടകകെട്ടിടം	2000	500	2500
12	86	13	സ്വന്തം കെട്ടിടം			
13	87	1	സ്വന്തം കെട്ടിടം			
14	88	2	വാടക ഇല്ല			
15	89	14	വാടകകെട്ടിടം	2000	500	2500
16	90	15	വാടകകെട്ടിടം	2000	1000	3000
17	91	3	സ്വന്തം കെട്ടിടം			
18	92	3	വാടകകെട്ടിടം	2000	0	2000
19	93	4	സ്വന്തം കെട്ടിടം			
20	94	5	സ്വന്തം കെട്ടിടം			
21	95	5	സ്വന്തം കെട്ടിടം			
22	96	7	വാടകകെട്ടിടം	2000	0	2000
23	100	12	വാടകകെട്ടിടം	2000	0	2000

മേൽ പട്ടിക പ്രകാരം സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ 12 ഉം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ 10 ഉം, വാടക രഹിത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി 1 എണ്ണവുമാണ്. വാടക നൽകാനുള്ള തുകയിൽ 2000 രൂപ വരെ മാത്രമേ വകുപ്പിൽ നിന്നും ലഭ്യമാവുന്നുള്ളൂ എന്നും ബാക്കി തുക അങ്കണവാടി പ്രവർത്തകരും അങ്കണവാടി ലെവൽ മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങളും കൂടിയാണ് വഹിക്കുന്നതെന്നുമാണ് അറിയിച്ചിരിക്കുന്നത്. പാവറട്ടി പഞ്ചായത്ത് പരിധിയിൽ സ്ഥലത്തിന്റെ വില വളരെ കൂടുതലായതിനാൽ അങ്കണവാടിക്ക് സ്ഥലം ലഭ്യമാവുന്നില്ലെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

19.04.22 ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 8.8.2 പ്രകാരം അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം, കെട്ടിടം, മറ്റ് ഭൗതിക സൗകര്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും MGNREGS ഉം വനിത ശിശുവികസന വകുപ്പുമായും സഹകരിച്ച് വേണം ഇതിനായി പ്രവർത്തിക്കേണ്ടതെന്നും പറഞ്ഞിട്ടുണ്ട്. ഇത് സാധ്യമാക്കുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. മേൽ പ്രകാരം പ്രൊജക്ടുകൾക്ക് പ്രാധാന്യം നൽകി അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താവുന്നതാണ്, വാർഷിക കണക്ക പ്രകാരം (ഷെഡ്യൂൾ B-4 Grants, Funds And Contributions For Specific Purposes, അക്കൗണ്ട് ഹെഡ് -320100196 Integrated Child Developement Scheme)13.14,687 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം, കെട്ടിടം, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഈ തുകയും ഉപയോഗ പ്രദമാക്കാവുന്നതാണ്.

<u>1-17 പര്യാപ്തമായ രീതിയിലുള്ള എം.സി.എഫ്-ന്റെ അഭാവം</u>

സ.ഉ(കൈ)നം.115/22/ത.സ്വ.ഭ.വ. 28.05.2022 ഖണ്ഡിക 6.8 ശുചിത്വം, ദ്രവ മാലിന്യ സംസ്കരണം 2(8) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അജൈവ മാലിന്യ പരിപാലനത്തിന്റെ ഭാഗമായി, മിനി എം.സി.എഫ്, എം.സി.എഫ്, RRF എന്നിവ സ്ഥാപിക്കേണ്ടതാണെന്നും, എം.സി.എഫ്-ൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാനും, തീ പിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷ സംവിധാനങ്ങൾ, വെയിംഗ് മെഷിൻ, തൊഴിലാളികൾക്ക് വേണ്ട ടോയ്ലറ്റ്, ചേയ്ഞ്ചിംഗ് റൂം എന്നിവ സ്ഥാപിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പര്യാപ്തമായ രീതിയിലുള്ള എം.സി.എഫ്-ന്റെ അഭാവം പഞ്ചായത്തിൽ നില നിൽക്കുന്നു. എം.സി.എഫ് നിർമ്മാണത്തിനായി പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഇപ്പോഴും ലക്ഷ്യം കണ്ടിട്ടില്ല. പദ്ധതികളുടെ ഒരു സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

1. 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, (പ്രോജക്റ്റ്-116/22 അടങ്കൽ-1875000) പഞ്ചായത്ത് എട്ടാം വാർഡിലെ മൂക്കോല അമ്പലനട റോഡിലുള്ള പഞ്ചായത്ത് ഗ്രൗണ്ടിൽ എം.സിഎഫ് കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം; പുഴയുടെ സംരക്ഷണ ഭിത്തിയിൽ നിന്നും, 82 മീറ്റർ ദൂര പരിധിയിൽ ആയതിനാൽ, തീരദേശ പരിപാലന അതോറിറ്റിയിൽ നിന്നും, അനുമതി ലഭ്യമാക്കുന്നതിനായി, പ്രവൃത്തിയുടെ വിശദമായ റിപ്പോർട്ട് സഹിതം, തീരദേശ പരിപാലന അതോറിറ്റിക്ക് കത്ത് നൽകുകയും. സ.ഉ(എം.എസ്.നം.1/2015/ശാ.സാ.വ/25.3.2015 പ്രകാരം പരിശോധന ചാർജായി 10,000 രൂപ ട്രഷറിയിൽ അടവാക്കുകയും ചെയ്തു. (ഭരണ സമിതി തീരുമാനം. 7(1)13/6/22, ചലാൻ നമ്പർ-KL00820395520223M 17/6/22) കൂടാതെ 28/6/24 ലെ SC/11375/2024 നമ്പർ കത്തുപ്രകാരം, കേന്ദ്രതീര ദേശ പരിപാലന നിയമ പ്രകാരം, നൂറു മീറ്റർ ദൂര പരിധിയാണുള്ളത് എന്നും, എന്നാൽ പാവറട്ടി ഗ്രാമ പഞ്ചായത്തിന് 50 മീറ്റർ ദൂര പരിധിയായി, കേന്ദ്ര സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ടെന്നും, പര്യാപ്തമായ രീതിയിലുള്ള എം.സി.എഫ്-ന്റെ അഭാവം പഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനാൽ, അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനായും, ശുചിത്വ മിഷന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട് (കത്ത് നമ്പർ -SC 1 1375/2024/28.6.24).

2. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് വാഹന പാർക്കിംഗ് സൗകര്യം ഒരുക്കൽ എന്ന പ്രോജക്റ്റ് പ്രകാരം 1,83,457 ചെലവഴിച്ച് (പ്രോജക്റ്റുകൾ 225/23(2022-23), 164/24(23-24) വാഹന പാർക്കിംഗിനായി നിർമ്മിച്ച ഷെഡ്ഡിലാണ്, നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. എന്നാൽ അതിർത്തിപ്രശ്നങ്ങൾ ഉള്ളതിനാൽ കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ നിർമ്മിച്ചിട്ടില്ല.
വിഷയവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ചുവടെ ചേർത്ത പ്രകാരം തീരുമാനങ്ങൾ എടുത്തുവെങ്കിലും, ആയവ ഒന്നും തന്നെ ഫലപ്രാപ്തിയിൽ എത്തിയില്ല.

(ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 14.09.2023-ലെ തീരുമാനം 13, 05.02.2024-ലെ തീരുമാനം 15 എന്നിവ ചുവടെ ചേർക്കുന്നു.)

<u>1. 14.09.2023-ലെ തീരുമാനം13</u>

2023-24 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രോജക്റ്റ് നമ്പർ 164/24 പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പാർക്കിംഗ് സൗകര്യം ഒരുക്കൽ എന്ന

പ്രവൃത്തിയിൽ 80% പ്രവൃത്തിയും പൂർത്തീകരിച്ച് കരാറുകാരന് പാർട്ട് ബിൽനൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തിയിൽ ഇനി ബാക്കി ചെയ്യാനുള്ള പ്രവൃത്തികളായ പാർക്കിംഗിന്റെ Entrance-ൽ മതിൽ നിർമ്മാണം, ഗെയ്റ്റ് വെയ്ക്കൽ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് അതിർത്തി വ്യക്തമാക്കി നൽകിയാൽ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാമെന്നും, അല്ലാത്തപക്ഷം ഫൈനൽ ബിൽ നൽകുകയോ, ഫൈൻ കൂടാതെ പ്രവൃത്തിയുടെ കാലാവധി നീട്ടി നൽകുകയോ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരനായ കെ.ആർ.സുരേഷ് കത്ത് നൽകിയിട്ടുണ്ടെന്നും കാണിച്ച് അസി. എഞ്ചിനിയറുടെ കത്ത് യോഗത്തിൽ ചർച്ച ചെയ്തു. അതിർത്തി വ്യക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

<u>2. 5.2.24 ലെ തീരുമാനം 15</u>

> പ്രൊജക്ട് നമ്പർ-164/24 പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പാർക്കിംഗ് സൗകര്യം ഒരുക്കൽ എന്ന പ്രവൃത്തിയിൽ 80% പ്രവൃത്തിയും പൂർത്തീകരിച്ച് കരാറുകാരന് പാർട്ട് ബിൽ നൽകിയിട്ടുണ്ടെന്നും, പാർക്കിംഗിന്റെ ഗേറ്റ് വേയിൽ മതിൽ നിർമ്മാണം, ഗെയ്റ്റ് വെയ്ക്കൽ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് അതിർത്തി വ്യക്തമാക്കി നൽകണമെന്നും കാണിച്ച് പഞ്ചായത്ത് അസി. എഞ്ചിനിയറുടെ കത്ത് യോഗം ചർച്ച ചെയ്തു. പാർക്കിംഗ് സ്ഥലത്തെ ബാറിന് ചേർന്ന് ഇരുമ്പ് ഗ്രിൽ കൊണ്ട് ക്ലോസ് ചെയ്യുകയും, ഒരു എൻട്രൻസ് വെക്കുകയും ചെയ്യുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു. തൊട്ടടുത്ത ബാറിൽ നിന്നും ആളുകൾക്ക് പാർക്കിംഗ് ഗ്രൗണ്ടിലേക്ക് ചാടികടക്കുന്നതിന് തടസ്സം വരത്തക്കവണ്ണമാണ് ഗ്രിൽ വരേണ്ടതെന്നും അദ്ധ്യക്ഷ <u>കൂട്ടിചേർത്തു</u>. ഫണ്ട് ബാലൻസ് ഉണ്ടെങ്കിൽ ചെറിയ വിസ്തൃതിയിൽ ടൈൽ വിരിക്കാനുണ്ട്, ആയതും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

എന്നാൽ താലൂക്ക് സർവെയറുമായി ബന്ധപ്പെട്ട് അതിർത്തി അളന്ന് തിട്ടപ്പെടുത്തുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ, കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ നിർമ്മിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ പുതിയ പഞ്ചായത്ത് ഓഫീസിൽ വാഹന പാർക്കിംഗിനായി നിർമ്മിച്ച മേൽഷെഡ്ഡിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത് എന്ന് സ്ഥല പരിശോധനയിൽ കണ്ടു. പഞ്ചായത്ത് ഓഫീസിൽ വാഹന പാർക്കിംഗിനായി സൗകര്യമില്ല. കൂടാതെ എം.സി.എഫ് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും മേൽ ഷെഡ്ഡിൽ ഇല്ല.

പാഴ്വസ്തു സംഭരണ കേന്ദ്രങ്ങളിൽ (എം.സി.എഫ്) തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളും, സുരക്ഷാ ക്രമീകരണങ്ങളും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 16.01.2021 ലെ സ.ഉ.(സാധാ)നം.113/2021/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതിനനുസൃതമായി എം.സി.എഫ്-ന് കേരള ഫയർ & റെസ്ക്യൂ

സർവീസസ് ഡിപ്പാർട്ട്മെന്റിന്റെ എൻ.ഒ.സി. അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, എം.എസി.എഫ്-ലെ വൈദ്യുത സംവിധാനങ്ങൾ കുറ്റമറ്റതാണ് എന്ന് ഉറപ്പ് വരുത്തുന്നതിന് ഇത് സംബന്ധിച്ച പരിശോധന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖേന നടത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രണ്ടാഴ്ച്ചയ്ക്കുള്ളിൽ നടത്തേണ്ടതാണെന്നും, 11/10/2021-ലെ 4/DC1/2021/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്-ന് ഫയർ എൻ.ഒ.സി., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പരിശോധന റിപ്പോർട്ട് എന്നിവ ലഭ്യമായിട്ടില്ല. അടിസ്ഥാന സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കാതെ വാഹന പാർക്കിംഗിനായി നിർമ്മിച്ച ഷെഡ്ഡിൽ പ്രവർത്തിക്കുന്നത് അത്യന്തം ആശങ്കാ ജനകമാണ്.

എം.സി.എഫ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ അറിയിക്കാൻ (കേന്ദ്രതീര ദേശ പരിപാലന നിയമ പ്രകാരം ഇളവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതും, അതിർത്തി അളന്ന് തിട്ടപ്പെടുത്തിയതു സംബ്ബന്ധിച്ച തുടർ നടപടികളും സഹിതം) ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (ഓഡിറ്റ് എൻക്വയറി- 14/10.10.24) ഗ്രാമപഞ്ചായത്ത് ചുവടെ ചേർക്കുന്ന പ്രകാരം മറുപടി ലഭ്യമാക്കി.

പഞ്ചായത്തിന് സ്വന്തമായി നിലവിൽ എം.സി.എഫ് ഇല്ല. വാർഡ് എട്ടിൽ മൂക്കോല അമ്പല റോഡിനു സമീപം പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് 177 സെന്റിൽ കളി സ്ഥലത്തിനോട് ചേർന്നാണ് എം.സി.എഫ് പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ CRZ നിയമ പ്രകാരം നൂറു മീറ്റർ ദൂര പരിധി കിട്ടാത്തതിനാലാണ് 2022-23, 2023-24 വർഷങ്ങളിൽ എം.സി.എഫ് നിർമ്മാണം നടക്കാതെ പോയത്. 18.01.2019-ലെ Ministry Of Environment, Forest & Climate Change ന്റെനോട്ടിഫിക്കേഷൻ പ്രകാരം 50മീറ്ററാക്കി ആനുകൂല്യം ലഭിച്ചുവെങ്കിലും CZMP പ്ലാൻ കേന്ദ്രം അംഗീകരിച്ചത് ഇപ്പോഴാണ്. ബന്ധപ്പെട്ട വിവരങ്ങൾ ലഭിച്ചാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്.

താല്ക്കാലിക എം.സി.എഫ്-ൽ സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പു വരുത്തുകയും, പുതിയ എം.സി.എഫ് നിർമ്മിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 കാലാവസ്ഥാ വ്യതിയാനം-പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്

19.04.2022-ലെ സ.ഉ.84/2022/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3 പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജനപ്രകൃതി, സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച് പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2). ജല

സംരക്ഷണം, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ, കാർബൺ ബഹിർഗമനം കുറയ്ക്കാൻ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്.

മേൽ നിർദേശ പ്രകാരം പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതു സംബന്ധിച്ച് വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/8.10.24) മറുപടിയായി പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 വീട് വാസയോഗ്യമാക്കൽ (എസ്.സി)-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാവറട്ടി സർക്കിൾ) നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും, പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റ്- 44/24 വീട് വാസയോഗ്യമാക്കൽ (എസ്.സി)
(ധനസഹായം -50000, 25000x2)

ഫണ്ട്-വികസന ഫണ്ട് (എസ്.സി.പി)

അടങ്കൽ-7,50,000

ചെലവ്-4,66,408

ക്രമ നമ്പർ	ഗുണഭോക്താവ്	ധന സഹായ തുക	തുക കൈപ്പറ്റിയതിന്റെ വിവരം
1	സുബ്രഹ്മണ്യൻ, ആനേടത്ത്, വാർഡ്-4	50000	25000/9.11.23
2	സുധാകരൻ എം. കെ., മരുതോ ഹൗസ്, പാവറട്ടി	50000	25000/25.3.24
3	രജിനി അനന്തൻ, കടവിൽ ഹൗസ്, വേൻമനാട്	50000	25000/25.3.24

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/14.10.24) മറുപടി ലഭ്യമാക്കിയില്ല.
നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്.

1-20 ലൈഫ് ഭവന പദ്ധതി (ജനറൽ)-കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് - 39/24 ലൈഫ് ഭവന പദ്ധതി (ജനറൽ)

അടങ്കൽ-1,70,00,000

ചെലവ്-52,90,000

നിർവഹണ ഉദ്യോഗസ്ഥ-വി.ഇ.ഒ (വെൺമനാട് സർക്കിൾ)

ഭവന നിർമ്മാണത്തിനായി വിവിധ ഗഡുക്കളായി (നിർമ്മാണ ഘട്ടം അടിസ്ഥാനപ്പെടുത്തി) 400000 രൂപ ധന സഹായം അനുവദിക്കുന്നു. ലൈഫ് ഭവന പദ്ധതി (ജനറൽ) ഗുണഭോക്താവായ ശ്രീമതി റോസിലി, (തരകൻ ഹൗസ്, വാർഡ്-5) എന്ന ഗുണഭോക്താവ് 08.09.2023-ൽ 40000 രൂപ കൈപ്പറ്റി, തുടർന്നുള്ള പ്രവൃത്തികൾ തുടരാൻ കഴിയില്ല എന്ന് അറിയിച്ചതിനാൽ, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 42104 രൂപ (പലിശ സഹിതം) മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട്. (Rt. Number-123030100015/14.2.24) എന്നാൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/14.9.24) മറുപടി ലഭ്യമാക്കിയില്ല.
തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

<u>1-21 തൊഴിലുറപ്പ് പദ്ധതി-പൊതുആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകങ്ങൾ</u>

പാവറട്ടി ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള റോഡ് കോൺക്രീറ്റീംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2023-24 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയതോ, ഫണ്ട് ട്രാൻസ്ഫർ ഓർഡർ (എഫ്.ടി.ഒ) ജനറേറ്റ് ചെയ്തതോ ആയ താഴെ കൊടുത്തിരിക്കുന്ന പട്ടിക 2-ൽ പരാമർശിച്ചിട്ടുള്ള 4 പ്രൊജക്ടുകൾ പരിശോധനാ വിധേയമാക്കിയതിൽ ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിച്ചില്ല-സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്താത്തതു കാരണം പഞ്ചായത്തിന് നഷ്ടം

MGNREGA പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന SECURE എന്ന സോഫ്റ്റ്‌വെയറിൽ സിമന്റിനുള്ള ലോക്കൽ മാർക്കറ്റ് നിരക്ക് 614 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് നിരക്ക് പരമാവധി 430-ൽ താഴെയാണെന്നും കാണിച്ച് ആലപ്പുഴ ജില്ലാ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓംബുഡ്സ്മാന് പരാതി ലഭിച്ചതിനെ തുടർന്ന് SECURE സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലെന്നും, യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂ എന്നും, ഇതിന് കർശന നിർദേശം മുഴുവൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും നൽകണമെന്നും, നിലവിൽ കുടിശികയായി ഇരിക്കുന്ന മുഴുവൻ പൊതുആസ്തികൾക്കും വ്യക്തിഗത ആസ്തികൾക്കും ഇത് ബാധകമായിരിക്കുമെന്നും, ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ ഇനി എഫ്.ടി.ഒ

ജനറേറ്റ് ചെയ്യാൻ പാടുള്ളൂ എന്നും, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022 നമ്പർ ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടർ 17.08.2022 തീയതിയിൽ എല്ലാ ജില്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കുമായി (ഫയൽ നമ്പർ എൻആർഇജിഎ/724/2022-എ3) അയച്ച കത്തിൽ ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിന്റെ അടിസ്ഥാനത്തിൽ സിമൻറ് ഒരു Packaged Commodity എന്ന നിലയിൽ പായ്ക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല, കൂടാതെ ടെണ്ടർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി എസ് ടി ബില്ലിൽ നൽകുന്ന ബ്രാൻഡിന്റെ പേര് (വ്യത്യസ്ത ബ്രാൻഡുകൾക്ക് വ്യത്യസ്ത വില ആയതിനാൽ), യൂണിറ്റ് നിരക്ക്, പായ്ക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പാവറട്ടി ഗ്രാമപഞ്ചായത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കരാറുകാരൻ സിമന്റ് വാങ്ങിയതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ബില്ലിൽ ഒരു ടൺ സിമന്റിന് 11520 രൂപ വരെ രേഖപ്പെടുത്തിയിട്ടുണ്ട് (50 കി.ഗ്രാം പാക്കറ്റിന് 576 രൂപ). അംഗീകൃത വ്യാപാരികളിൽ നിന്ന് സിമന്റ് വാങ്ങിയതിന്റെ ഇൻവോയ്സ് ലഭ്യമല്ല. സമർപ്പിച്ച ബില്ലുകളിലൊന്നും സിമന്റ് ബ്രാൻഡിന്റെ പേര് രേഖപ്പെടുത്തുന്നില്ല. കൂടാതെ കരാറുകാർ തന്നെ സിമന്റ് വിതരണം ചെയ്യുന്നതായി കാണിച്ച് സമർപ്പിട്ടുള്ള ജി.എസ്.ടി ബില്ലിൽ രേഖപ്പെടുത്തുന്നത് മേൽ പ്രകാരമുള്ള ഉയർന്ന നിരക്ക് തന്നെയാണ്. വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതായ ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ പരിശോധിച്ചതിൽ (പട്ടിക 1) പഞ്ചായത്ത് പരിധിയിൽ നിന്ന് ചില്ലറ വിൽപ്പന വഴി 50 കി.ഗ്രാമിന്റെ 3 മുതൽ 10 പാക്കറ്റ് വരെ സിമന്റ് വാങ്ങുമ്പോൾ പോലും പാക്കറ്റിന് 312 മുതൽ 390 രൂപ വരെ മാത്രമാണ് ജി.എസ്.ടി ബില്ലുകളിൽ രേഖപ്പെടുത്തി കാണുന്നത്. മൊത്ത വിൽപ്പന വഴി ചുവടെ പട്ടിക 2 ൽ പരാമർശിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾക്ക് ടൺ കണക്കിന് സിമന്റ് വാങ്ങുമ്പോൾ ഇതിലും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നതാണ്. പട്ടിക1 ലെ ഏറ്റവും ഉയർന്ന നിരക്കായ 390 രൂപ കണക്കിലെടുത്താൽ തന്നെ ഒരു ടണ്ണിന് നൽകാവുന്ന പരമാവധി വില 7800 രൂപയാണ് (390/50*1000).

<u>വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതായ പ്രൊജക്ടുകൾക്ക് സിമന്റ് വാങ്ങിയതിന്റെ വിവരങ്ങൾ</u>

<u>പട്ടിക 1</u>

ക്രമ നമ്പർ	പ്രോജക്ടിന്റെ പേരും നമ്പറും	സിമന്റിന്റെ ബ്രാന്റ്, വിൽപ്പന നടത്തിയ സ്ഥാപനം, ഇൻവോയിസ് നമ്പർ, തീയതി	50 കി.ഗ്രാം പാക്കറ്റിന്റെ വില
1	ദുർബല വിഭാഗങ്ങളുടെ	സുവാരി സിമന്റ്, ജെ.വി.എസ് സ്റ്റീൽസ്,	370 320

	ഭൂമിയിലെ തൊഴുത്ത് നിർമ്മാണം (IF/977641)	പൂവത്തൂർ, തൃശ്ശൂർ B/1209/27.05.2023 ഒയാസിസ് സിമന്റ്, അന്നകര, തൃശ്ശൂർ B2C/OAME/23-2483/19.05.2023	
2	ദുർബല വിഭാഗങ്ങളുടെ ഭൂമിയിലെ കോഴിക്കൂട് നിർമ്മാണം (IF/809250)	അൾട്രാടെക്ക് സിമന്റ്, പ്രൊവിഡൻസ് ട്രേഡേഴ്സ്, പാവറട്ടി, തൃശ്ശൂർ B2C/2177/23.05.2022	312
3	ദുർബല വിഭാഗങ്ങളുടെ ഭൂമിയിലെ ആട്ടിൻകൂട് നിർമ്മാണം (IF/809305)	എ.സി.സി സിമന്റ്, ജേക്ക് ജോസഫ് ട്രേഡേഴ്സ് കമ്പനി, പാവറട്ടി, തൃശ്ശൂർ B2C20/07.03.2023	390

<u>പട്ടിക 2</u>

<u>സിമന്റിന് മാർക്കറ്റ് വിലയേക്കാൾ അധിക നിരക്ക് അനുവദിച്ചതു വഴി നഷ്ടം</u>

ക്രമ നമ്പർ	പ്രവൃത്തിയുടെ വിശദാംശങ്ങൾ	ഉപയോഗിച്ച സിമന്റിന്റെ അളവ് (ടണ്ണിൽ)	സിമന്റ് വാങ്ങിയതിന് നൽകിയ തുക/ നൽകാൻ അംഗീകരിച്ച തുക*	സിമന്റിന് നൽകാവുന്ന തുക @390/ 50കി.ഗ്രാം പാക്കറ്റ് &7800/ടൺ	അധികം നൽകിയ/ നൽകാൻ അംഗീകരിച്ച തുക*
1	പ്രവൃത്തിയുടെ പേര്- വാർഡ് 4 ലെ മൈത്രി റോഡ് നിർമ്മാണം സാങ്കേതികാനുമതി-99/2021-22 കരാറുകാരൻ- സനൽ കെ സത്യൻ എം.ബി.നമ്പർ- 211/2021-22	16.28	16.28*11520 =187546	16.28*7800 =126984	60562

	കരാർ നമ്പർ-20/2021-23/ 25.03.2022 പ്രവൃത്തി ആരംഭിച്ച തീയതി-20.02.2023 വർക്ക് കോഡ്-357603 പ്രവൃത്തി മൂല്യം-488432രൂപ മെറ്റീരിയൽ ചെലവ്-418965 രൂപ എഫ്.ടി.ഒ നമ്പർ, തീയതി, തുക 316992/12.12.2023-18781 രൂപ 316990/12.12.2023-93773രൂപ 316989/12.12.2023-93773രൂപ 316988/12.12.2023-54676രൂപ 316987/12.12.2023-88152രൂപ 316985/12.12.2023-69810രൂപ ആകെ-418965 രൂപ				
2	പ്രവൃത്തിയുടെ പേര്-പെരിങ്ങാട് പ്രദേശത്തെ കോഴിത്തോട് നടപ്പാത നിർമ്മാണം സാങ്കേതികാനുമതി-106/2021-22 കരാറുകാരൻ-രവീന്ദ്രൻ.സി.എസ് എം.ബി.നമ്പർ- 217/2021-22 കരാർ നമ്പർ-15/2021-22/ 18.03.2022 പ്രവൃത്തി ആരംഭിച്ച തീയതി-07.05.2022 വർക്ക് കോഡ്-359300 പ്രവൃത്തി മൂല്യം-390685രൂപ	12.81	12.81*11520 =147571	12.81*7800 =99918	47653

	മെറ്റീരിയൽ ചെലവ്-316810രൂപ എഫ്.ടി. ഒ നമ്പർ, തീയതി 316772/10.04.2023				
3	പ്രവൃത്തിയുടെ പേര്-ചൊവ്വക്കാരൻ റോഡ് നിർമ്മാണം സാങ്കേതികാനുമതി-40/2023-24 കരാറുകാരൻ-രവീന്ദ്രൻ.സി.എസ് എം.ബി.നമ്പർ- 95/2023-24 കരാർ നമ്പർ-01/2023-24/ 24.07.2023 പ്രവൃത്തി ആരംഭിച്ച തീയതി-20.11.2023 വർക്ക് കോഡ്-391085 പ്രവൃത്തി മൂല്യം-454223രൂപ മെറ്റീരിയൽ ചെലവ്-387920രൂപ എഫ്.ടി. ഒ തയ്യാറാക്കിയിട്ടില്ല	18.72	18.72*9742.185 =182373.70	18.72*7800 =146016	36357.70*
4	പ്രവൃത്തിയുടെ പേര്-ഹനുമാൻകാവ് റോഡ് നിർമ്മാണം സാങ്കേതികാനുമതി-117/2021-22 കരാറുകാരൻ-സനൽ കെ സത്യൻ എം.ബി.നമ്പർ- 225/2021-22 കരാർ നമ്പർ-18/2021-23/18.03.2022 പ്രവൃത്തി ആരംഭിച്ച തീയതി-30.11.2022 വർക്ക് കോഡ്-354524	17.81	17.81*11178.96 =199097	17.81*7800 =138918	60179

	പ്രവൃത്തി മൂല്യം-499764രൂപ മെറ്റീരിയൽ ചെലവ്-413408രൂപ എഫ്.ടി. ഒ നമ്പർ, തീയതി 316467/25.03.2022				
	ആകെ				204751.70

*ക്രമ നമ്പർ 3 പ്രകാരമുള്ള പ്രവൃത്തിയുടെ എഫ്.ടി.ഒ തയ്യാറാക്കിയിട്ടില്ല എങ്കിലും ചെലവ് അംഗീകരിച്ചിട്ടുണ്ട്.

2) മെറ്റീരിയൽ പ്രവൃത്തികൾ-നിയമാനുസൃതം ഈടാക്കേണ്ടതായ ജി.എസ്.ടി, ആദായ നികുതി എന്നിവ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല

ജി.എസ്.ടി, ആദായ നികുതി ടി.ഡി.എസുമായി ബന്ധപ്പെട്ട വ്യവസ്ഥകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കും പ്രകാരമാണ്.

I) 2017-ലെ ഗുഡ്സ് & സർവ്വീസസ് ടാക്സ് ആക്ട്, വകുപ്പ് 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന വാങ്ങലുകൾ 2.5 ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ ജി.എസ്.ടി, ടി.ഡി.എസ് ഇനത്തിൽ 2 ശതമാനം തുക ഈടാക്കേണ്ടതാണ്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരള) മിഷൻ ഡയറക്ടറുടെ 30.07.2019-ലെ 957/EGS-C/16/REGS നമ്പർ സർക്കുലർ പ്രകാരം ടി.ഡി.എസ് തുക കുറവ് ചെയ്യുന്നതിനുള്ള സൗകര്യം തൊഴിലുറപ്പ് പദ്ധതിയുടെ ബിൽ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നത് വരെ ടി.ഡി. എസ് തുക വെണ്ടർ/ സപ്ലെയർ പഞ്ചായത്തിൽ നേരിട്ട് അടവാക്കണമെന്നും, ആയതിൻ പ്രകാരം പഞ്ചായത്ത് സെക്രട്ടറി ടി.ഡി.എസ് ഫയൽ ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. മിഷൻ ഡയറക്ടർ 17.08.2022 തീയതിയിൽ എല്ലാ ജില്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കുമായി (ഫയൽ നമ്പർ എൻആർഇജിഎ/724/2022-എ3) അയച്ച കത്തിൽ ഓരോ പ്രവൃത്തിയുടെയും ബിൽ പാസ്സാക്കുമ്പോൾ 2% ജി.എസ്.ടി തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബില്ലിൽ നിന്നും കുറവ് ചെയ്ത ശേഷം ബാക്കി തുക മാത്രം എഫ്.ടി.ഒ ആയി നൽകേണ്ടതാണ് എന്നും ജി.എസ്.ടി ആയി പിടിച്ച/വെണ്ടർ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടച്ച ടി 2 % തുക ഗ്രാമ പഞ്ചായത്ത് ജി.എസ്.ടി നിയമപ്രകാരം അടയ്ക്കേണ്ടതും ടി.ഡി.എസ് ഫയൽ ചെയ്യേണ്ടതുമാണെന്നും നിർദേശം നൽകിയിട്ടുണ്ട്.

Ii) 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം 30000 രൂപയ്ക്കു മുകളിലുള്ള കരാർ പ്രവർത്തിയിൽ/ഒരു സാമ്പത്തിക വർഷത്തിൽ നൽകുന്ന മൊത്തം തുക 1,00,000 രൂപയിൽ കൂടിയാൽ, കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

മേൽ പട്ടിക 2-ൽ പരാമർശിച്ചിട്ടുള്ള ക്രമ നമ്പർ 1, 2, 4 പ്രവൃത്തികളിൽ ആവശ്യമായ മെറ്റീരിയൽ (ക്വാറിമക്ക്, മണൽ, മെറ്റൽ, സിമന്റ് എന്നിവ) വിതരണം ചെയ്ത സനൽ കെ സത്യൻ, രവീന്ദ്രൻ സി. എസ് എന്നീ കരാറുകാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടതായ ആദായ നികുതി ബില്ലിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ

അടവാക്കിയിട്ടില്ല. ക്രമ നമ്പർ 1, 4 എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയെങ്കിലും ക്രമനമ്പർ 2-ലെ പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരനായ രവീന്ദ്രൻ സി. എസിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പട്ടിക 3</u>

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	കരാറുകാരൻ	മെറ്റീരിയൽ ഇനത്തിലുള്ള ചെലവായി കരാറുകാരന് അനുവദിച്ചത്	ഈടാക്കേണ്ട ആദായ നികുതി(1%)	ഈടാക്കേണ്ട ചരക്ക സേവന നികുതി(2%)
1	വാർഡ് 4-ലെ മൈത്രി റോഡ് നിർമ്മാണം	സനൽ കെ സത്യൻ	418965	4190	ഈടാക്കി
2	പെരിങ്ങാട് പ്രദേശത്തെ കോഴിത്തോട് നടപ്പാത നിർമ്മാണം	രവീന്ദ്രൻ സി. എസ്	316810	3168	6336
3	ഹനുമാൻകാവ് റോഡ് നിർമ്മാണം	സനൽ കെ സത്യൻ	413408	4134	ഈടാക്കി

മേൽ പട്ടിക 2-ലെ 4 പ്രവൃത്തികൾക്കും മിഷൻ ഡയറക്ടറുടെ 17.08.2022-ലെ കത്ത് ലഭിക്കുന്നതിന് മുൻപ് തന്നെ മെറ്റീരിയൽസ് മുഴുവൻ വിതരണം നടത്തിയിട്ടുള്ളതാണ് എന്നും ഇനിമുതൽ നടത്തുന്ന ടെണ്ടറുകളുടെ നോട്ടീസിൽ ഈ വിഷയം സവിസ്തരം പ്രതിപാദിക്കുകയും ലോക്കൽ മാർക്കറ്റ് നിരക്ക് പ്രകാരം മാത്രമേ തുക അനുവദിക്കുകയുള്ളൂ എന്നും അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ13/തീയതി 10.10.2024) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ സിമൻറ് വാങ്ങിയതുമായി ബന്ധപ്പെട്ട്, ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകളിൽ ഒന്നും തന്നെ സാധനങ്ങൾ വാങ്ങിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പട്ടിക രണ്ടിലെ ക്രമനമ്പർ 1, 3, 4 എന്നീ പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളത് മിഷൻ ഡയറക്ടറുടെ കർശന നിർദ്ദേശത്തിനു ശേഷമാണ്. അതേപോലെ നിലവിൽ കുടിശ്ശികയായി ഇരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യക്തിഗത ആസ്തികൾക്കും സിമന്റിന്റെ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവൂ എന്നും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ ഇനി എഫ്.ടി.ഒ ജനറേറ്റ് ചെയ്യാൻ പാടുള്ളൂ എന്നും ഓംബുഡ്സ്മാന്റെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാപനത്തിൽ നിന്ന് ലഭിച്ച മറുപടി ന്യായീകരിക്കാവുന്നതല്ല.

തൊഴിലുറപ്പ് പദ്ധതികളെ സംബന്ധിച്ച് നാളിതുവരെ നിലവിൽ വന്നിട്ടുള്ള സർക്കുലറുകളിലോ ഗവൺമെൻറ് ഉത്തരവുകളിലോ മിഷൻ ഡയറക്ടറുടെ നിർദ്ദേശങ്ങളിലോ ആദായനികുതി അടവാക്കണം എന്ന നിർദ്ദേശം ലഭിച്ചിട്ടില്ല, ആയതിലാണ് ആദായനികുതി

ഈടാക്കാതിരുന്നത് എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് മേൽപ്പറയുന്ന കരാറുകളെ സംബന്ധിച്ച് ബാധകമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചത് വഴി പഞ്ചായത്തിനുണ്ടായ നഷ്ടം കരാറുകാരിൽ നിന്നും തിരികെ ഈടാക്കുകയോ അല്ലാത്ത പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി കണക്കാക്കി നഷ്ടം ക്രമീകരിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഭരണസമിതി തലത്തിൽ സ്വീകരിക്കേണ്ടതുമാണ്. ഇനി മുതലുള്ള പ്രവൃത്തികൾക്ക് സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിക്കുന്നില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2) പട്ടിക രണ്ടിലെ ക്രമനമ്പർ മൂന്ന പ്രകാരമുള്ള പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തേണ്ടതും ജി.എസ്.ടി, ആദായനികുതി എന്നീ ഇനത്തിൽ ടി.ഡി.എസ് തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതുമാണ്.

3) പട്ടിക മൂന്നിൽ പരാമർശിച്ച പ്രകാരം ജി.എസ്.ടി, ആദായനികുതി എന്നീ ഇനത്തിൽ ടി.ഡി.എസ് തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതാണ്.

1-22 ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ-അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 26781 ആണ്. 16 വാർഡുകളിലായി 7193 വീടുകളും 1741 വ്യാപാര, വ്യവസായ കെട്ടിടങ്ങളും ഉണ്ട്. 29 ഹരിതകർമ്മസേന അംഗങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ഭൂരിഭാഗം വീടുകളും വ്യാപാര സ്ഥാപനങ്ങളും യൂസർ ഫീ അടവാക്കി ഹരിതകർമ്മസേനയോട് സഹകരിക്കുന്നുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് ഇല്ല. 14വാർഡുകളിലും മിനി എം.സി.എഫുകൾ ഉണ്ടെങ്കിലും, RRF കൾ ഇല്ല.

ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. 29 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ സ്ഥലങ്ങളിൽ ക്യൂ.ആർ കോഡ് പതിച്ച് അതിലൂടെയുള്ള ഫീസ് പിരിവ് സാധ്യമാക്കിയിട്ടുണ്ട്.

4598 വീടുകളിലും, 780 സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിച്ചിട്ടുണ്ട്. വീടുകളിൽനിന്നും 50 രൂപ, സ്ഥാപനങ്ങളിൽ നിന്നും 100 രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വരുന്നു. യൂസർഫീ കാർഡ് തൻവർഷം ഏർപ്പെടുത്തിയിട്ടില്ല. മാലിന്യങ്ങൾ വാതിൽപ്പടി സേവനത്തിനെത്തുന്ന ഹരിതകർമ്മസേന അംഗങ്ങൾ വീടുകളിൽ വെച്ചു തന്നെ തരം തിരിച്ച് ശേഖരിക്കുന്ന രീതിയാണ് അനുവർത്തിക്കുന്നത്.

മാലിന്യംതരംതിരിക്കുന്നതിനായി വ്യത്യസ്ത നിറത്തിലുള്ള ബാസ്കറ്റുകളോ,ബിന്നുകളോ,ചാക്കുകളോ നൽകിയിട്ടില്ല.

<u>മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ</u>

- പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ഗ്രാമസഭകൾ കൂടുമ്പോൾ മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധക്ലാസുകൾ നല്കുന്നുണ്ട്.
- മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേക പഞ്ചായത്ത്തല വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.
  68 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് 36000 രൂപ (2023-24) പിഴ ഈടാക്കിയിട്ടുണ്ട്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിനായി സ്വന്തം വാഹനം ഉണ്ട്. ഹരിതകർമ്മസേന അംഗങ്ങൾക്ക് ആവശ്യമായ മാസ്കുകൾ. കയ്യുറകൾ, യൂണിഫോം, റെയിൻ കോട്ട് എന്നിവ നൽകിയിട്ടുണ്ട്.

<u>മാലിന്യം നീക്കം ചെയ്യൽ</u>

2023-24 വർഷം 40184.44 കി.ഗ്രാം മാലിന്യം ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് 40184.44 കി.ഗ്രാം തരം തിരിച്ച മാലിന്യവും ലെഗസി വേസ്റ്റും കൈമാറിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ 853375 രൂപയും ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ 26000 രൂപയും മാലിന്യം/ പാഴ്വസ്തുക്കൾ വിറ്റ വകയിൽ 32700 രൂപയും ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് 121127 രൂപ നൽകിയിട്ടുണ്ട്. ഹരിത കർമ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

<u>പാഴ് വസ്തു ശേഖരണ കലണ്ടർ</u>

കലണ്ടർ ഷെഡ്യൂൾ ഇല്ല.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിത കർമ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി യൂണിയൻ ബാങ്ക്, പാവറട്ടി ശാഖയിൽ അക്കൗണ്ട് തുടങ്ങുകയും (A/C NO-565102010025635) അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി ലഭിക്കുന്ന തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ലഭ്യമാകുന്ന തുക അംഗങ്ങൾക്കിടയിൽ തുല്യമായി

വീതിക്കുകയാണ് ചെയ്യുന്നത്. പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കിവെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ട്. ശരാശരി 10,000 രൂപയോ അതിനടുത്തോ ഉള്ള തുകയാണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്.

23-24 സാമ്പത്തിക വർഷം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ

ക്രമ നമ്പർ	പദ്ധതി നമ്പർ	പദ്ധതിയുടെ പേര്	തുക
1	179	ശുചി പൂർണ്ണ ബയോബിൻ	649026
2	46	ലൈഫ് ടോയ്ലറ്റ്	120000
3	155	എം.എ.എസ്.എം സ്കൂളിൽ ശുചി മുറി നിർമ്മാണം	165762
4	116	ഹരിത കർമ്മ സേനക്ക് ഇലക്ട്രിക് ഓട്ടോ	24000
5	181	ലെഗസി വേസ്റ്റ് കയ്യൊഴിയൽ	195447
6	192	ഹരിത മിത്രം ആപ്പ്	204900
7	193	തൊഴിലുറപ്പ് തൊഴിലാലികൾക്ക് ഗംബൂട്ട്,കയ്യുറ വാങ്ങി നൽകൽ	99746
8	113	മിനി എം.സി.എഫ് നിർമ്മാണം	118378
9	191	ഹരിത കർമ്മസേന അനുബന്ധ ചിലവുകൾ	38855

പരിമിതികൾ

പുതിയ പഞ്ചായത്ത് ഓഫീസിൽ വാഹന പാർക്കിംഗിനായി നിർമ്മിച്ച ഷെഡ്ഢിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് ഓഫീസിൽ വാഹന പാർക്കിംഗിനായി സൗകര്യമില്ല. കൂടാതെ എം.സി.എഫ് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും മേൽ ഷെഡ്ഡിൽ ഇല്ല.

ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ

* ഹരിതകർമസേനാംഗങ്ങൾ ശേഖരിച്ച്, തരം തിരിച്ച്, എം.സി.എഫിൽ സൂക്ഷിച്ചിട്ടുള്ള

അജൈവ മാലിന്യങ്ങൾ യഥാസമയം ക്ലീൻ കേരള കമ്പനി യഥാസമയം നീക്കം ചെയ്യാത്തത് വലിയ പ്രതിസന്ധിയാണ് സൃഷിക്കുന്നത്. സമയബന്ധിതമായി മാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

* ഷ്രെഡിംഗ് മെഷീനറികൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെറിയ മുതൽ മുടക്കിൽ പെറ്റ് ബോട്ടിലുകൾ കട്ട് ചെയ്ത് പ്ലാസ്റ്റിക് ചിപ്സ് ആക്കി രൂപപ്പെടുത്തുന്നതിനുള്ള മെഷീൻ സ്ഥാപിക്കാവുന്നതാണ്. അടുത്ത ഘട്ടമായി പ്ലാസ്റ്റിക് ചിപ്സിനെ ഗ്രാന്യൂൾസാക്കി മാറ്റാവുന്നതിനുള്ള മെഷീനറികൾ സ്ഥാപിക്കാവുന്നതും അതിൽ നിന്നും റീപ്രൊസസ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് നൽകി അധിക വരുമാനം കണ്ടെത്താവുന്നതുമാണ്. എല്ലാത്തരം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഗ്രാന്യൂളുകളായി രൂപപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിൽ വിൽപ്പന നടത്താവുന്നതാണ്. നിരവധി ഉൽപ്പന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുവാണ് ആർ.പി ഗ്രാന്യൂൾസ് എന്നതിനാൽ ഉപയോഗശൂന്യമായ എല്ലാത്തരം പ്ലാസ്റ്റിക് വസ്തുക്കളും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

* ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുകകളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.

* പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

* ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പ് വരുത്താവുന്നതാണ്.

* വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

* ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

* ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

* ഹരിതകർമസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.

* ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

* മാലിന്യങ്ങൾ/പാഴ് വസ്തുക്കൾ ഉറവിടത്തിൽ തരംതിരിക്കുന്നതിനായി വ്യത്യസ്ത നിറത്തിലുള്ള ബാസ്ക്കറ്റുകളോ, ബിന്നുകളോ, ചാക്കുകളോ ഉപഭോക്താക്കൾക്ക് നൽകാവുന്നതാണ്.

സ.ഉ(സാധാ)നം.1109/2023/LSGD/26.05.2023-ലെ നിർദേശ പ്രകാരം മാലിന്യ മുക്ത നവ കേരളം ജനകീയ ഹരിത ഓഡിറ്റിംഗ് നടപ്പിലാക്കേണ്ടതാണ്.

എം.സി.എഫ് നിർമ്മാണത്തിനായുള്ള തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, കാര്യക്ഷമമായ മാലിന്യ സംസ്കരണം ഉറപ്പു വരുത്തേണ്ടതുമാണ്.

ഭാഗം –2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല-

4-2 ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

വായ്പയുടെ പേര് / ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയതി	തൻവർഷ വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള
				മുതൽ	പലിശ	
HUDCO	-	500000	3125094	608830	0	3016264

4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല -

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ/ തീയ്യതി
2022-23	1-17	700	CSB,PAVARATTY	1230104925/29.2.24
2022-23	1-18	2500	JOLLY.E.J	1230105505/13.3.24
2022-23	1-18	2500	ABDUL GAFOOR	1230107036/28.3.24
2022-23	1-17	280	MCK NIDHI,PAVARATTY	1230105042/4.3.24
2022-23	1-17	600	CD STORES,PAVARATTY	1230104692/21.2.24
2022-23	1-18	2500	MANAGER,VBS HALL	1230104720/22.2.24
ആകെ		9080		

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക
2015-16	2-5	2016-17	അനുബന്ധം 5
2015-16	2-9	2016-17	അനുബന്ധം 5

ഈ സ്ഥാപനത്തിലെ സമാഹൃത റിപ്പോർട്ട് രജിസ്റ്ററിൽ നിന്ന് ലഭ്യമായ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	2,25,30,727

ഓഡിറ്റ് വർഷത്തെ വരവ്	4,29,85,940
ആകെ	6,55,16,667
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	3,75,22,663
നീക്കിയിരിപ്പ്	2,79,94,004
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

*ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കിന്റെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

<u>തടസപ്പെടുത്തുന്ന തുക</u>

ഇല്ല.

സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

<u>4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ</u>

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്സ് (CAR/ CASE/ CH/ SCH)
1	1997-98 ചെലവ്	LFT.11-996/99 Dt.11.5.99	11	1, 3, 4, 6, 7, 8, 9, 10, 11, 12, 13	
2	1997-98 വരവ്	-	1	2-1	
3	1998-99	LFT.15-594/2001 Dt.4.8.01/	16	17	

		22.10.01			
				20	
				33, 34, 35, 36, 37	
				38, 39	
				41, 42	
				49	
				51, 52	
				55, 56	
4	1999-2000 To 2001-02 (ജനകീയാസൂത്രണം)	LFT.15-1114/03 Dt.1.11.03/ 20.1.06	10	2, 3, 4, 5, 7	
				8	CAR
				9, 10, 11, 12	
5	2002-03	LFT15-1175/08 Dt. 08.03.10/04.05.10	4	2-2, 3-1, 3-3, 3-5	
6	2004-05	LFT.15-192/08 Dt.19.4.10/ 4.6.10	7	2-3, 2-4	
				3-4, 3-5	CAR
				3-18, 3-1	
				3-21	
7	2005-06	LFT.291/10 Dt.31.7.10/ 6.12.10	4	3-1, 3-2	
				3-5	
				3-7	
8	2006-07	LFT.15-292/10 Dt.31.7.10/ 6.12.10	7	2-4	
				3-1	
				3-2	
				3-5	
				3-9, 3-10, 3-11	
9	2007-08	LFT.15-1222/10 Dt.28.8.10/ 18.2.11	7	2-1	
				3-1, 3-3	
				3-5, 3-6, 3-7	
				3-8	
10	2008-09	LFT.15-1223/10 [illegible]	7	3-2	

		Dt.23.12.10/ 31.5.11			
				3-5	
				3-8	
				3-9	
				3-12	
				3-13	
				3-15	
11	2009-10	LT(P1)-288/12 Dt.21.6.12/ 4.8.12	3	3-4	
				3-5, 3-7	
12	2010-11	LFT(P1)-289/12 Dt.21.6.12/ 05.1.13	5	2-3, 2-8, 2-1, 2-2	
				3-4	
13	2011-12	LFT(P1)-219/13 Dt.11.7.13	9	2-7, 2-8	
				2-9	
				3-1, 3-3, 3-4, 3-5, 3-7	
				3-9	
14	2012-13	LFT(P5)-247/14 Dt.5.9.14/ 9.10.14	4	2-2	
				2-3	
				2-4(B)	
				3-2	
15	2013-14	KSATSR(P5)-194/15 Dt.10.7.15/ 30.9.15	6	2-3, 3-4, 3-5, 3-6, 3-7, 3-8	
16	2014-15	KSATSR(P5)-995/16 Dt. 27.6.16	11	2-3	
				2-4, 2-5	
				2-7	CAR
				3-2, 3-3	
				3-8	
				3-9	
				3-12	
				3-13	

				3-15	
17	2015-16	KSATSR(P5)-1935/16 Dt.8.11.16/ 26.12.16	13	2-1, 2-2	
				2-5	CAR
				2-6	
				2-7	
				2-9	CAR
				2-10	
				3-4	
				3-5, 3-6	
				3-8	
				3-9	
				3-11	
18	2016-17	KSATSR(P5)-1389/17 Dt.4.10.17/ 22.11.17	19	2-2, 2-3	
				2-9	
				3-1	
				3-4, 3-5	
				3-6	
				3-7, 3-8	
				3-10	
				3-11	
				3-12	
				3-14	
				3-16	CASE
				3-17	
				3-18	
				3-19	
				3-21, 3-22	
19	2017-18	KSATSR(P5)-356/19 Dt.3.6.19	11	2-3, 2-6, 3-3-2(A)	
				3-3 (3,4,5) (6,7,8,9)	
				3-4 (5,6,7,8,9)	
				3-5	
				3-6	
				3-7	

				3-8	
				3-10	
				3-11	
				3-15	
20	2018-19	കെ.എസ്.എ. ടി.എസ്.ആർ. (പി5)369/2020 തീയതി: 02.06.2020	22	1-9, 1-11, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-32, 1-33	
21	2019-20	KSA-TSR-P13-1224/2021 തീയ്യതി: 25/03/2022	24	1-9, 1-11 (10,11,13,16, 17,18,20) , 1-12(1,2), 1-13(1 To 5), 1-14, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-22, 1-23, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37	
22	2020-21	KSA-TSR-P13-1225/2021 തീയ്യതി: 25/03/2022	21	1-9, 1-11 (9,10,12,15, 16,17,18,19), 1-12 (2,3), 1-13 (1 To 5), 1-14, 1-16, 1-17, 1-18, 1-19, 1-21, 1-23, 1-24, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35	
22	2021-22	കെ.എസ്.എ.ടി. എസ്.ആർ. (പി.13)1821/2022 തീയ്യതി: 26/12/2022	17	1-11 (1 To 20), 1-12, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-22, 1-23, 1-24, 1-25, 1-26, 1-29, 1-30, 1-33	
23	2022-23	KSA TSR (P13)-1938/2023 Dt.22.12.2023	19	1-1, 1-3, 1-9, 1-10, 1-11, 1-13, 1-15, 1-16, 1-17, 1-18, 1-19, 1-21, 1-23, 1-25, 1-26, 1-27, 1-29, 1-30, 1-31	
ആകെ			258		

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1

Audit Certificate

i. I have audited the attached Financial statements approved vide resolution number 19 dated 19 dated 22-06-2024 and submitted on 19-09-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pavaratty Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pavaratty Grama Panchayat as on 31-03-2024

Date: 02/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pavaratty Grama Panchayat for the Year 2023-2024.

1.Major Observations

1. Revenue from auction amounting to Rs.5000 was incorrectly recorded under the liability head as 'EMD,' leading to a discrepancy in the Income & Expenditure statement and affecting the financial status of the institution as reflected in the Balance Sheet.

2.The amount spent for creating assets was wrongly booked. Details are given below.

Sl no	project	Voucher no/date	Amount	Head code
1	127/24 Installation of Electricpost	42300434/ 22.9.23	298000	251200001 Electric Line-Post Re-Arrangement
2	216/24 Drinking Water project for New panchayat Building	42300991/ 30.3.24	247000	251120106 Public Drinking Water Programmes-Improve Quality
3	141/24 Construction of Drainage in ponnamkulam peringad Puzha road ward 8,9	42300433/ 22.9.23	695857	252110005 Roads-Drainage Renovation 695,857.00

3. Misclassifying payment vouchers has caused discrepancies in the Income & Expenditure statement and affected the Balance Sheet. The transaction was recorded as revenue expenditure instead of under the Advance account, even though the medicines haven't been received .Details are given below.

Sl no	Project	Voucher number	Advance Amount	Expenditure Head	Actual head to be booked
1	88/24 Purchase of homeo medicine	42301054/11.9.23	150000	251110208 Medical Institution-	460500501-Advance to implementing Officers

				Homoeo-Purchase Of Medcines In Health Institutions	

2.Other Observations

a) Comments relating to Income and Expenditure Account

1. The figures of grant statement in AFS doesnot match with the actual grant statement.

2. Cash book of MGNREGS doesnot match with the AFS.

b) Comments relating to Balance Sheet

1. Amounts as per Schedule B-4 and B-17 do not match

Balance sheet schedule B-4 & B-2				Balance sheet schedule B-17		
Sl no.	Head	Item	Amount	Head	Bank account	Amount
1	320200104	Development Fund - Central Finance Commission Grant - Basic Tax Grant	2001187	450210101	FEDERAL (CFC-PFMS)-(16980100065411 PFMS)	5275040
	320200113	Development Fund - Central Finance Commission Grant Tied fund	2926492			
			4927679			
2	311100101	Panchayat's Distress Relief Fund	27076	450210101	CANARA BANK (RELIEF FUND)-(1461101025053)	27440

2. Excess amount of Rs 3500 recorded in the account head namely 310900101-Excess Of Income Over Expenditure due to irregularity in the software used for preparation of accounts.

c. Comments relating to Receipt and Payment Statement

Nil

d. Comments relating to Cashflow Statement

The net increase in cash and cash equivalents (âÂÂÂÂÂÂÂÂÂÂÂÂÂÂÂ'5,463,277) does not correspond with the net cash generated
by operating, investing, and financing activities (a-22,834,426).

e) Comments relating to Ratios

The mandatory Financial Statements prescribed in Accounting Rules are not submitted for Audit

f) Comments relating to Notes to accounts

Nil

g) Comments relating to Receipt Vouchers

Nil

h) Comments relating to Payment Vouchers

Nil

i. Comments relating to Journal Vouchers

Authentic certified vouchers and worksheets are not maintained for all journal vouchers.

j. Comments relating to Contra Vouchers

Nil

k. Comments relating to Bank Reconciliation Statement

Nil

l. Comments relating to Demand, Collection and Balance Register

Property tax residential(Current)

	Demand	Collection	Advance adjusted	Balance
As per Sanchaya	3146119	2851989	9758	288644
As per AFS	3146119	2847717	9758	289690

Property tax Non residential(Current)

	Demand	Collection	Advance adjusted	Balance
As per Sanchaya	3909017	3403374	42294	492598
As per AFS	3909017	3374125	42294	492905

m. Comments relating to Asset Register

Nil

n. Comments relating to Inventory and other Registers

Advance register and Deposit registers are not completed

DEPUTY DIRECTOR

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം – 3

വാർഷികകണക്കുകളുടെ സംക്ഷിപ്തം

Pavaratty Grama Panchayat
BALANCE SHEET

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amoun
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	-20282886.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	28111.00
312000000	Reserves	B-3	58314722.00
	Total Reserve & Surplus		**38059947.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	9639069.00
	Total Grants, Contributions for Specific Purposes		**9639069.00**
	Loans		
330000000	Secured Loans	B-5	3016264.00
331000000	Unsecured Loans	B-6	0.0
	Total Loans		**3016264.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	2317611.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	1698828.00
360000000	Provisions	B-10	732480.00
	Total Current Liabilities and Provisions		**4748919.00**
	TOTAL LIABILITIES		**55464199.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	83320.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	0.0
414000000	Annual Plan - Capital Expences (Service Sector)	B11-(d)	9582321.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	60894011.00
416000000	Accumulated Depreciation	B-11(a)	-48597334.00
	Total Fixed Assets		**21962318.00**
	Investments		
420000000	Investments-General Fund	B-12	0.0

Pa

421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**0.0**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	1675943.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	27994004.00
460000000	Loans, Advances and Deposits	B-18	3831934.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**33501881.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**55464199.00**

Pa

Pavaratty Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amoun
	INCOME		
110000000	Tax Revenue	I-1	9915808.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	836044.00
140000000	Fee & User Charges	I-4	3755876.00
150000000	Sale & Hire Charges	I-5	182443.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	87545828.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	356971.00
180000000	Other Income	I-9	10723.00
190000000	Prior Period Income	I-19	80100.00
	Total Income		**102603693.00**
	EXPENDITURE		
210000000	Establishment Expenses	I-10	13955396.00
220000000	Administrative Expenses	I-11	1497720.00
230000000	Operations & Maintenance	I-12	2137010.00
240000000	Interest & Finance Charges	I-13	12.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	4497903.00
251000000	Decentralised Plan Programme-Service Sector	I-14(A)	26616803.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	4610448.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	12492548.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	31091200.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1128254.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	110000.00
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0

Pa

272000000	Depreciation	I-17(A)	15801317.00
	Total Expenditure		**113938611.00**
	Gross Surplus / Deficit of income over Expenditure		**-11334918.00**
	Gross Surplus / Deficit of income over Expenditure		**-11405668.00**
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	150850.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		**-70750.00**

Pavaratty Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amoun
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	22460963.00
Cash	Cash	RP-40(a)	69764.00
	Operating		
110000000	Tax Revenue	RP-1	1894440.00
140000000	Fees & User Charges	RP-4	3314862.00
150000000	Sale & Hire Charges	RP-5	179071.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	9503100.00
171000000	Interest Earned	RP-9	356971.00
190000000	Prior Period Income	RP-11	74400.00
311000000	Earmarked Funds	RP-28	782.00
320000000	Grants, Funds & Contributions for Specific Purposes	RP-30	12786936.00
431000000	Sundry Debtors (Receivables)	RP-45	13223594.00
460000000	Loans, Advances and Deposits	RP-49	22000.00
	Non Operating		
180000000	Other Income	RP-10	10723.00
330000000	Secured Loans	RP-31	500000.00
340000000	Deposits Received	RP-33	287543.00
350000000	Other Liabilities	RP-35	831518.00
	Grand total		**65516667.00**
	PAYMENTS		
	Operating		
320000000	Grants, Funds & Contributions for Specific Purposes	RP-30	3459.00
460000000	Loans, Advances and Deposits	RP-49	703155.00
	Non Operating		
340000000	Deposits Received	RP-33	454639.00
350000000	Other Liabilities	RP-35	36361410.00
	Closing Balance		
Bank	Bank	RP-40(b)	27862120.00
Cash	Cash	RP-40(b)	131884.00
	Grand Total		**65516667.00**

Pa